(സി) സംസ്ഥാന പോലീസിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)(ബി)&(സി) വടക്കൻമേഖല ഐ.ജി.യുടെ നേതൃത്വത്തിൽ കേസ്സ് ഊർജ്ജിതമായി അന്വേഷിച്ചുവരുന്നു.

100 (2411) കോൺഗ്രസ്സ് പ്രവർത്തകർ കാസർഗോഡ് നടത്തിയ അക്രമം

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000 ഫെബ്രുവരി 15-ന് കോൺഗ്രസ്സ് (ഐ) പ്രവർത്തകർ കാസർഗോഡ് പട്ടണത്തിൽ നടത്തിയ ആക്രമണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതു സംബന്ധിച്ച് എന്തെങ്കിലും കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ്സുകൾ എന്നും വ്യക്തമാക്കുമോ;

(സി) ആക്രമണത്തിന്റെ ഫലമായി എന്തെല്ലാം നാശനഷ്ടമാണ് ഉണ്ടായത് എന്നും അതിൽ എത്ര രൂപയുടെ നഷ്ടമുണ്ടായി എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ച് കാസർഗോഡ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 87/2000 ആയി ഇന്ത്യൻ ശിക്ഷാ നിയമം 143, 147, 148, 353, 332, 308, 149-ാം വകുപ്പ് കൂട്ടി വായിച്ച് 427 എന്നീ വകുപ്പുകൾ പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സിലെ നാലുപ്രതികളെ അറസ്റ്റുചെയ്തിട്ടുമുണ്ട്.

(സി) പ്രസ്തുത ആക്രമണത്തിന്റെ ഫലമായി ബേഡകം പോലീസ് സബ് ഇൻസ്പെക്ടർക്ക് പരിക്കേൽക്കുകയും, കല്ലേറിൽ 'അൽജിലാനി' എന്ന മെഡിക്കൽ സ്റ്റോറിന് കേടുപാടുകൾ സംഭവിച്ചതിൽ പതിനായിരം രൂപയുടെ നാശനഷ്ടം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

101 (2413) സംസ്ഥാനത്ത് നടന്ന ആത്മഹത്യകൾ

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം ഇന്നുവരെ എത്ര ആത്മഹത്യകൾ നടന്നിട്ടുണ്ട്; ഇതിൽ സ്ത്രീകളെത്ര; പുരുഷൻമാരെത്ര; പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടുന്നവരെത്ര എന്നുള്ള കണക്ക് ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly